# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4321 — 17.12.2014 ൽ മറുപടിക്ക്

## പെരുമൺ പി.എച്ച്.സിയെ സാമൂഹ്യാരോഗ്യ കേന്ദ്രമാക്കി മാറ്റുന്നതിനുള്ള നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം.എ. ബേബി | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) പെരുമൺ തീവണ്ടി ദുരന്തത്തിൽ ജീവൻ നഷ്ടപ്പെട്ടവരുടെ ഓർമ്മയ്ക്കും തദ്ദേശവാസികളുടെയും രക്ഷാപ്രവർത്തനങ്ങളുടെയും സ്മരണ നിലനിർത്തുന്നതിനുമായി ആരംഭിച്ച പി.എച്ച്.സിയിൽ ആവശ്യമായ ഉദ്യോഗസ്ഥരില്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) ഫോൺ ചെയ്താൽ വീട്ടിലെത്തി ചികിത്സിക്കുന്ന ക്യൂബൻ മാതൃകയിൽ ആരംഭിച്ച ചികിത്സാരീതി ഇപ്പോൾ തുടരുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ ; | (ബി) ഇല്ല |
| (സി) ഇല്ലെങ്കിൽ ഇക്കാര്യത്തിൽ ആവശ്യമായ നടപടി സ്വീകരിക്കുമോ; | (സി) ക്യൂബൻ മാതൃകയിലുള്ള ചികിത്സാരീതി നടത്തികൊണ്ടുപോകുന്നതിനുള്ള ഭൗതിക സാഹചര്യം നിലവിലില്ല. |
| (ഡി) പെരുമൺ പി.എച്ച്.സി.യെ സാമൂഹ്യാരോഗ്യ കേന്ദ്രമാക്കി മാറ്റുവാനാവശ്യമായ നടപടി സ്വീകരിക്കുമോ? | (ഡി) പ്രസ്തുത പി.എച്ച്.സിയ്ക്ക് സമീപം തൃക്കടവൂർ സി.എച്ച്.സി നിലവിലുള്ള സാഹചര്യത്തിൽ മേൽ ആവശ്യം പരിഗണനാർഹമല്ല. |

സെക്ഷൻ ഓഫീസർ